ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ. എ.മുരളീധരൻ)

തിരുവനന്തപുരം

നമ്പർ. 15265/2019/ഇ 6/ഡിപി തീയതി. 18.11.2019

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ഗവൺമെന്റ് പ്രസ്സ് , മണ്ണന്തല - ബൈന്റിംഗ് വിഭാഗം ജീവനക്കാരുടെ പ്രവർത്തന ക്രമീകരണാർത്ഥമുള്ള നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 16.08.2019-ലെ ഇതേ നമ്പർ ഉത്തരവ്.
2. മണ്ണന്തല ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 10.10.2019-ലെ 2251/19/ജിപിഎം.ഇ 2 നമ്പർ കത്ത്.

### ഉത്തരവ്

മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ട അടിയന്തിര ജോലികൾ ചെയ്യുന്നതിലേയ്ക്കായി ബൈന്റിംഗ് വിഭാഗത്തിലെ എട്ടു ജീവനക്കാരെ പ്രവർത്തന ക്രമീകരണാർത്ഥം നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2020 വർഷത്തെ സർക്കാർ കലണ്ടർ, ഡയറി എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ കൂടി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുള്ളതിനാൽ ടി ജീവനക്കാരുടെ പ്രവർത്തന ക്രമീകരണാർത്ഥമുള്ള നിയമന കാലാവധി മൂന്നു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം മണ്ണന്തല ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ പ്രവർത്തന ക്രമീകരണാർത്ഥം ജോലി ചെയ്യുന്ന താഴെപ്പറയുന്ന ജീവനക്കാരുടെ നിയമന കാലാവധി സർക്കാർ സാധൂകരണത്തിനു വിധേയമായി 16.11.2019 മുതൽ മൂന്നു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. യാതൊരു കാരണവശാലും ടി കാലാവധി ഇനി ഒരിക്കൽ കൂടി ദീർഘിപ്പിച്ചു നൽകുന്നതല്ല. കാലാവധി തീരുന്ന മുറയ്ക്ക് ടിയാളുകളെ അതാത് ലാവണങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1. | ശ്രീ.ബി.രവികുമാർ | അസിസ്റ്റന്റ് ഫോർമാൻ (ബൈന്റിംഗ്) |
| 2. | ശ്രീ.എഫ്.ജോർജ്ജ് | സീനിയർ ഗ്രേഡ് ബൈന്റർ |
| 3. | ശ്രീ.സുഭാഷ്.എ.കെ. | സീനിയർ ഗ്രേഡ് ബൈന്റർ |
| 4. | ശ്രീ.എം.സെബാസ്റ്റ്യൻ | സീനിയർ ഗ്രേഡ് ബൈന്റർ |
| 5. | ശ്രീമതി.ശ്രീജാകുമാരി.പി.എൻ. | സീനിയർ ഗ്രേഡ് ബൈന്റർ |

| | | |
|---|---|---|
| 6. | ശ്രീമതി.ബിനോയ്.വി. | സീനിയർ ഗ്രേഡ് ബൈന്റർ |
| 7. | ശ്രീ.ലിനീഷ് രാജ്.ബി.പി. | രണ്ടാം ഗ്രേഡ് ബൈന്റർ |
| 8. | ശ്രീ.എസ്.കെ.സുനീഷ് ബാബു | രണ്ടാം ഗ്രേഡ് ബൈന്റർ |

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല./ഷൊർണ്ണൂർ./
എറണാകുളം./വാഴൂർ .
സീനിയർ സൂപ്രണ്ട്./ജൂനിയർ സൂപ്രണ്ട്.ഇ II/ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.